# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4973 24.07.2015 - ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതിക്കായുള്ള വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കുടിവെള്ള പദ്ധതിക്കായി എന്തൊക്കെ വികസന പ്രവർത്തനങ്ങൾ എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോകബാങ്ക് സഹായത്തോടെയുള്ള രണ്ടാം കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി-II) ജലനിധി നടപ്പിലാക്കി വരുന്നു.<br><br>ജലനിധി-II പദ്ധതിയുടെ ബാച്ച് ഒന്നിലെ 20 ഗ്രാമപഞ്ചായത്തുകളിലും ബാച്ച് രണ്ടിലെ 62 ഗ്രാമപഞ്ചായത്തുകളിലും മൾട്ടി ജി.പി. പദ്ധതിയായി 12 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 21 ഗ്രാമപഞ്ചായത്തുകൾ ബാച്ച് 3 പദ്ധതിയ്ക്കായി കെ.ആർ.ഡബ്ല്യൂ.എസ്.എ.യുമായി കരാർ ഒപ്പു വച്ചിട്ടുണ്ട്. ബാച്ച് ഒന്നിൽ ചെറുതും വലുതുമായ 462 കുടിവെള്ള പദ്ധതികളും രണ്ടാം ബാച്ചിൽ ഏകദേശം 1219 പദ്ധതികളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇവയ്ക്കു പുറമെ 12 ഗ്രാമപഞ്ചായത്തുകളിലായി 3 മൾട്ടി പഞ്ചായത്തു പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>ഭൂജലവകുപ്പിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 3-ായി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എത്ര ഡൊമസ്റ്റിക് കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക കുടിവെള്ള കണക്ഷൻ നല്കിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 74721 |
| 2 | കൊല്ലം | 31336 |
| 3 | പത്തനംതിട്ട | 18870 |

| | | |
|---|---|---|
| 4 | ആലപ്പുഴ | 58951 |
| 5 | കോട്ടയം | 23675 |
| 6 | ഇടുക്കി | 4771 |
| 7 | എറണാകുളം | 95508 |
| 8 | തൃശ്ശൂർ | 55616 |
| 9 | പാലക്കാട് | 30332 |
| 10 | മലപ്പുറം | 23244 |
| 11 | കോഴിക്കോട് | 14436 |
| 12 | വയനാട് | 4710 |
| 13 | കണ്ണൂർ | 24965 |
| 14 | കാസർഗോഡ് | 4962 |

ജലനിധി നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| നം | ജില്ല | പദ്ധതികൾ | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 23 | 1177 |
| 2 | പത്തനംതിട്ട | 18 | 10639 |
| 3 | കോട്ടയം | 158 | 1468 |
| 4 | ഇടുക്കി | 83 | 3153 |
| 5 | കോഴിക്കോട് | 80 | 3966 |
| 6 | മലപ്പുറം | 18 | 1858 |
| 7 | പാലക്കാട് | 35 | 1692 |
| 8 | തൃശ്ശൂർ | 3 | 257 |
| 9 | കണ്ണൂർ | 68 | 4018 |
| 10 | കാസർഗോഡ് | 67 | 4600 |
| 11 | വയനാട് | 73 | 4218 |
| | **ആകെ** | **626** | **37046** |

സെക്ഷൻ ഓഫീസർ